"ഭരണഭാഷാ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം- 14

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം

**(നിലവിൽ: പി.ജി.തോമസ് ഐ.എ.എസ്)**

നമ്പർ എ3/3133/13 തീയതി: 01.02.2014

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം- കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- സർക്കാർ ഉത്തരവ് നം.85/2011/ഫിൻ തീയതി, 26.2.2011.

പരാമർശ പ്രകാരമുള്ള ശമ്പള പരിഷ്ക്കരണ ഉത്തരവിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളെ 1:1:1:1 എന്ന അനുപാതത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II , കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-I കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് എന്ന രീതിയിൽ തരംതിരിച്ചിരുന്ന നടപടി തുടരുന്നതിന് ഉത്തരവായിരുന്നു.

ഈ സാഹചര്യത്തിൽ വകുപ്പിലെ 4 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ സേവനത്തിലുള്ള ജീവനക്കാരിൽ സീനിയറായ ഒരാൾക്ക് സെലക്ഷൻ ഗ്രേഡിനും, രണ്ടാമത്തെ സീനിയറിന് സീനിയർ ഗ്രേഡിനും, മൂന്നാമത്തെ സീനിയറിന് ഗ്രേഡ്-I നും അർഹതയുണ്ട്.

വകുപ്പിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായിരുന്ന ശ്രീമതി.എം.വി.സരസ്വതി 30.11.2013-ൽ സേവനത്തിൽ നിന്നും വിരമിച്ചിരുന്നു. ആയതിനാൽ കണ്ണൂർ മേഖലാ കേന്ദ്രം ജോയിന്റ് ഡയറക്ടറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആയ ശ്രീമതി.ഗ്രിഷ്മാ റാം.ജി യ്ക്ക് 19240-34500 രൂപാ ശമ്പള നിരക്കിൽ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായും കോഴിക്കോട് ജില്ലാ പഞ്ചായത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനത്തിലുള്ള ശ്രീമതി. ആനന്ദവല്ലിയ്ക്ക് (16180-29180) രൂപാ ശമ്പളനിരക്കിൽ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായും, ട്രെയിനിംഗ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആയ ശ്രീമതി.നദീറ-യ്ക്ക് 13900-24040 രൂപാ ശമ്പള നിരക്കിൽ ഗ്രേഡ്-I കോൺഫിഡൻഷ്യൽ അസിസ്റ്റന്റായും 1.12.2013 തീയതി പ്രാബല്യത്തിൽ ഉദ്യോഗക്കയറ്റം നൽകി ഉത്തരവാകുന്നു.

(ഒപ്പ്)
ട്രെയിനിംഗ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
(സ്ഥാപന മേധാവികൾ മുഖേന)

പകർപ്പ് :- 1. വകുപ്പ് വെബ് സൈറ്റ്
2. എ7 സെക്ഷൻ
3. എസ്.എഫ് (എ3)

// ഉത്തരവിൻ പ്രകാരം //

സീനിയർ സൂപ്രണ്ട്.

R/4/3/2014